LIBRARY ARCHIVES Kerala Legislative Assembly

പരവൂർ-മയ്യനാട് തീരദേശ റോഡ് പുനരുദ്ധാരണം

108 [296] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരവൂർ-മയ്യനാട് തീരദേശ റോഡ് പുനരുദ്ധാരണ പ്രവർത്തനത്തിന് എന്തു തുക വകയിരുത്തിയിട്ടുണ്ട്;

(ബി) ഇതിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) തുകയൊന്നും വകയിരുത്തിയിട്ടില്ല.

(ബി) വിശദമായ അന്വേഷണവും മാതൃകാ പഠനവും നടത്തിയതിനു ശേഷമേ അനന്തര നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

പരവൂരിലെ ഫിഷ് ലാന്റിംഗ് സെന്ററിന്റെ പ്രവർത്തനം

109 [298] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരവൂരിലെ ഫിഷ് ലാന്റിംഗ് സെന്ററിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനപ്പെടുന്ന തരത്തിൽ പ്രസ്തുത സെന്ററിന്റെ പ്രവർത്തനം പൂർണ്ണ തോതിൽ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പരവൂരിൽ ഒരു മത്സ്യബന്ധന കേന്ദ്രത്തിനുവേണ്ടി 52 സെന്റ് സ്ഥലം പൊന്നും വിലയ്ക്ക് എടുത്ത് ചുറ്റുമതിൽ കെട്ടുകയും ഓഫീസ് കെട്ടിടം പൂർത്തിയാക്കുകയും ചെയ്തു. എന്നാൽ ഈ ലാന്റിംഗ് സെന്റർ തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിന്റെ പരിധിയിൽ വരുമെന്നു കണ്ടതിനാൽ നിർമ്മാണം തുടർന്ന് നടത്തിയിട്ടില്ല.

(ബി) പരിശോധിച്ചുവരുന്നു.